ഇറയം റിസർച്ച് ജേർണൽ
Volume V Issue 2

# കാവ്യരസനിർമ്മിതിയിലെ സംസ്കാരതലങ്ങൾ

**ഡോ: ആർ.ബി ശ്രീകല**

ഭാരതീയ കാവ്യമീമാംസയിലെ കാവ്യാർത്ഥ സിദ്ധാന്തങ്ങളിലെല്ലാം വിരുദ്ധദർശനങ്ങളുടെ സംഘർഷവും സങ്കലനവും ഉണ്ടെന്ന കാണാം.

## കാവ്യാർത്ഥസിദ്ധാന്തങ്ങൾ

ദാർശനികചർച്ചകളായിത്തീരുന്നതിന കാരണം മനുഷ്യജീവിതത്തെ രൂപപ്പെടുത്തുന്ന ദർശനങ്ങളുടെ അടിത്തറയാണ് അവയ്ക്കുള്ളത് എന്നതാണ്. ഇന്ത്യൻ കാവ്യാശാസ്ത്രത്തിൽ കാവ്യരസം എന്ന സൗന്ദര്യാവസ്ഥവിലും ആസ്വാദനം എന്ന സാംസ്കാരിക പ്രക്രിയയിലും ഉള്ള ലൗകീകസാഹചര്യങ്ങളെ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്.രസം അലൗകീകമാണ്, അതു കാവ്യത്തിലേ ഉള്ളൂ ലോകത്തിലില്ല എന്ന അഭിനവഗുപ്ത സിദ്ധാന്തമാണ് പൂർവ്വപക്ഷം - കാവ്യരസം അഥവാ കാവ്യാർത്ഥം അലൗകികമാണ്. എന്ന പൂർവ്വ പക്ഷത്തെ ഖണ്ഡിച്ചുകൊണ്ട് രസം ലൗകിക സാഹചര്യങ്ങളിൽ നിന്ന രൂപമെടുക്കുന്ന ഒന്നാണെന്നും അത് അലൗകികമോ അനിർവചനീയമോ അല്ലെന്നും സ്ഥാപിക്കാൻ ശ്രമിക്കുന്നു.

## കലയുടെ ഉല്പത്തി കാരണങ്ങളും വിശകലനങ്ങളും

പ്രകൃതിയുമായുള്ള മനുഷ്യന്റെ ക്രിയാത്മകപ്രതികരണത്തിൽ നിന്നാണ് കല ഉല്പന്നമാകുന്നത്. മയിലിന്റെ ചലനവും കുയിലിന്റെ ശബ്ദവും അവയുടെ ജൈവിക പ്രകാശനങ്ങളായിരിക്കവെ, അവയെ ശബ്ദത്തിലും ശരീരത്തിലും ക്രിയാത്മകമായി അനുകരിച്ചുകൊണ്ടാണ് മനുഷ്യലോകത്തു നൃത്തവും സംഗീതവും ആവിഷ്കൃതമാകുന്നത്. മയിലിന്റെ ചലനം അതിനെ സംബന്ധിച്ച് കലാവസ്തുവല്ല; കേവലാർത്ഥത്തിൽ അത് ആസ്വാദ്യകരവുമല്ല. അതിന്റെ ചലനത്തെയും സാഹചര്യങ്ങളെയും തന്റെ തന്നെ സാമൂഹിക സംസ്കാരിക തലങ്ങളിലേക്കു വിനിമയം ചെയ്തുകൊണ്ടാണ് മനുഷ്യൻ നൃത്തം എന്ന കലാരൂപത്തെ ആസ്വദിക്കുന്നത്. കലാ വസ്തുവിന്റെ രൂപപ്പെടലിലും ആസ്വാദനത്തിലും മനുഷ്യന്റെ ഭൗതിക സാഹചര്യങ്ങളുടെ ഇടപെടലുകളുണ്ട് എന്നാണ് ഇവിടെ സൂചിപ്പിച്ചത്.

## കാവ്യരസം : സംസ്കാരനിർമ്മിതി

മനുഷ്യജീവിതത്തിലെ അസംഖ്യം വികാരങ്ങളുടെ പ്രവർത്തനങ്ങൾ അതേപടി കലയിൽ ആവിഷ്കൃതമാകുന്നില്ല. കല, യാഥാർത്ഥ്യത്തിന്റെ നേർപകർപ്പുമല്ല. സാധാരണവ്യവഹാരങ്ങളിൽ പ്രത്യക്ഷമാകാത്ത അനുഭവങ്ങളെയാണ്; അവയുടെ സൂക്ഷ്മകാരണങ്ങളെയാണ് കല വിനിമയം ചെയ്യുന്നത്. ഒരു കുറ്റകൃത്യത്തിനു പിന്നിൽ വംശപരവും വർഗ്ഗപരവുമായ കാരണങ്ങളുണ്ടെന്ന് ഷേക്സ്പിയർ നാടകങ്ങൾ സ്ഥാപിക്കുമ്പോൾ, ശാകുന്തളം പ്രണയവഞ്ചനയുടെ കഥമാത്രമല്ലെന്നും അത് ലൈംഗിക ബന്ധങ്ങളിലെ വർഗ്ഗപശ്നങ്ങളെ വിവരിക്കുകയാണെന്നും കാളിദാസൻ വെളിപ്പെടുത്തുന്നു. അതായത് പ്രാകൃതവും സ്വാഭാവികവുമായ മനുഷ്യാനുഭവങ്ങളെ അവയുടെ സാമൂഹികരാഷ്ട്രീയ സാഹചര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് വിശകലനം

ചെയ്യുകയും അവയെ ശാസ്ത്രീയമായി ക്രമപ്പെടുത്തുകയുമാണ് കാവ്യസിദ്ധാന്തങ്ങൾ ചെയ്യുന്നത്. മനുഷ്യന്റെ അസംഖ്യം വികാരങ്ങളെ നാട്യശാസ്ത്രം എട്ടുരസങ്ങളായി നിജപ്പെടുത്തുമ്പോൾ അതിനുപിന്നിൽ പ്രവർത്തിക്കുന്നതും ഇതേ തത്ത്വം തന്നെയാണ്.

ഭരതന്റെ രസസിദ്ധാന്തത്തിന്റെ വ്യാഖ്യാനങ്ങൾ ഭാരതീയ കാവ്യമീംമാസം ചരിത്രത്തിലെ പ്രമുഖമായ കലാസിദ്ധാന്ത സംവാദമായിരുന്നു. ലൊല്ലടൻ, ശങ്കുകൻ, ഭട്ടനായകൻ, അഭിനവഗുപ്തൻ. ഭട്ടതൗതൻ എന്നിവരുടെ രസസിദ്ധാന്ത വ്യാഖ്യാനങ്ങൾ അവയിൽ പ്രമുഖമാണ്. രസോല് പത്തി, രസസംഖ്യ, ആസ്വാദനത്തിലെ ആത്മനിഷ്ഠ-വസ്തുനിഷ്ഠസമീപനം തുടങ്ങിയവയാണ് ചർച്ചാവിഷയമായത്. ഈ സംവാദത്തിന്റെ അടരുകളെ ഉപയോഗിച്ചാണ് ഈ പ്രബന്ധത്തിൽ രസനിർമ്മിതി ചർച്ച ചെയ്യുന്നത്.

## കാവ്യരസത്തിലെ അലൗകികത

"രസം അലൗകികമാണ്. അതുകാവ്യത്തിലേ ഉള്ളൂ ലോകത്തിലില്ല' എന്നതാണ് അഭിനവഗുപ്തസിദ്ധാന്തം (രസഭാരതി) സഹൃദയന്റെ സ്ഥലകാലബന്ധവിഛേദത്തിലൂടെ മാത്രമേ അത് ആസ്വാദ്യമാകുകയുള്ളൂ എന്നും അദ്ദേഹം പറയുന്നുണ്ട്. അഭിനവഗുപ്തനെ തുടരുന്ന ജഗന്നാഥൻ ആസ്വാദനം "അനിർവചനീയഖ്യാതി' യാണെന്നും അതു ബ്രഹ്മസാക്ഷാത്കാരം തന്നെയെന്നും ഉറപ്പിക്കുന്നു. രസവ്യാഖ്യാനങ്ങളിൽ ഏറ്റവുമധികം ചർച്ചചെയ്യപ്പെടുന്നതും ഉയർത്തിക്കാണിക്കുന്നതും അഭിവ്യക്തി വാദത്തെയാണ്. കാരണം അദ്വൈതദർശനത്തിന്റെ അടിത്തറയിൽ പടുത്തുയർത്തിയ ആശയലോകങ്ങളായിരുന്നു അവ. രസത്തെ അനിർവചനീയവും അലൗകികവുമായി ആഘോഷിച്ച അഭിനവ ഗുപ്തനടക്കമുള്ളവരുടെ

സിദ്ധാന്തങ്ങളാണ് ഭാരതീയ കാവ്യമീമാംസയെ ആത്മീയ വത്കരിച്ചതും വരേണ്യവത്കരിച്ചതും ഇതിനെ നിഷേധിക്കുന്ന, രസത്തിന്റെ ലൗകിക സ്വഭാവങ്ങളെ വെളിപ്പെടുത്തുന്ന, ആശയങ്ങൾ ഭാരതീയ കാവ്യമീമാംസയിൽ ത്തന്നെയുണ്ട് എന്നതാണ് വസ്തുത. ഭരതൻ തന്നെ രസം എന്ന സൗന്ദര്യവസ്തുവിനെ നിർവചിക്കാനും അതിനെ നിർമ്മിക്കുന്ന സാംസ്കാരികസാഹചര്യങ്ങളെ നിർണയിക്കാനുമുള്ള ശ്രമം നടത്തുന്നതും കാണാം.

നാട്യശാസ്ത്രം 36-ാം അധ്യായത്തിൽ, ഭൂമിയിൽ നാട്യം പ്രചരിച്ചതിനെക്കുറിച്ച് ഒരു കഥയുണ്ട്. നഹുഷൻ എന്ന രാജാവാണ് ഭൂമിയിലുള്ളവർക്കു വേണ്ടി നാട്യം പ്രചരിപ്പിച്ചതെന്നാണ് കഥയുടെ ചുരുക്കം. കല ലൗകികേതരമായ ഒന്നല്ലെന്നും അതു മനുഷ്യാധ്വാനത്തിന്റെ പ്രവർത്തനഫലമായി രൂപപ്പെട്ടതാണെന്നുമുള്ള നിലപാട് ഈ കഥയിലുണ്ട്. രസം എങ്ങനെ ആസ്വദിക്കപ്പെടുന്നു. എന്ന ചോദ്യത്തിന് നാട്യശാസ്ത്രം ഇങ്ങനെ - മറുപടി പറയുന്നു. ശർക്കര മുതലായ ദ്രവ്യങ്ങളും തയിർ മുതലായ വ്യഞ്ജനങ്ങളും പുളി മുതലായ ഔഷധികളും ചേർന്ന് ഷാഡവാദിരസങ്ങൾ ഉണ്ടാക്കുന്നതുപോലെ നാനാഭാവങ്ങൾ ചേർന്നിണങ്ങിയ സ്ഥായിഭാവങ്ങൾ രസങ്ങളായിത്തീരുന്നു. (പുറം 245 -46) നിലവിലിരിക്കുന്ന സാഹചര്യങ്ങളെ സൃഷ്ടിപരമായി കൂട്ടിച്ചേർക്കുമ്പോഴാണ് രസം എന്ന അപൂർവ്വ വസ്തു നിർമിതമാകുന്നത് എന്നാണ് പാനകരസത്തിന്റെ ഉദാഹരണത്തിലൂടെ ഭരതൻ സിദ്ധാന്തിക്കുന്നതെന്നു കാണാം. അത് അലൗകികമോ അനിർവചനീയമോ അല്ല.

യഥാർത്ഥത്തിൽ കാവ്യരസത്തെക്കുറിച്ച് ആദ്യം പറഞ്ഞ ഭരതൻ അതിനെ തീർത്തും ലൗകികമായിത്തന്നെയാണ വിവരിക്കുന്നത്. എന്നു കാണാം. ഭരതനോളം ലൗകികമായി കാവ്യരസത്തെക്കുറിച്ചു പറഞ്ഞവർ വേറെയുണ്ടോ എന്നു സംശയമാണ്.ലോല്ലടന്റെ രസവ്യാഖ്യാനത്തിൽ രസം അനന്തമാണ് എന്നൊരു സങ്കല്പമുണ്ട്. ഭരതന്റെ രസസംഖ്യാനിലപാടിനെ അതുനിഷേധിക്കുന്നു. നിത്യജീവിതത്തിലെ അസംഖ്യം വികാരങ്ങളേതും ആസ്വാദ്യകരമാവാം എന്നതാണ് ലോല്ലടന്റെ ഉല്പത്തിവാദത്തിന്റെ പൊരുൾ. മനുഷ്യന്റെ പ്രാകൃതവും സ്വാഭാവികവുമായ വികാരങ്ങളുടെ സാംസ്കാരിക പരിവർത്തനമാണ് കാവ്യരസം എന്ന് പറയുമ്പോഴും അവയുടെ ഗുണകരമായ പരിവർത്തനത്തെ ഉല്പത്തിവാദം പരിഗണിക്കുന്നില്ല എന്നുപറയേണ്ടിവരും. കാമം മനുഷ്യന്റെ പ്രാകൃതവും ജൈവികവുമായ വികാരമായിരിക്കുമ്പോൾ പ്രണയം അതിന്റെ സംസ്കൃതരൂപമാണ്. ശൃംഗാരം ഒരു കാവ്യരസമാകുന്നത് മനുഷ്യന്റെ – സാംസ്കാരിക പരിതോവസ്ഥയിലാണ് അത് ഉല്പന്നമാകുന്നത് എന്നതുകൊണ്ടാണ്. പക്ഷേ, ലൊല്ലടനിൽ കാമവും പ്രണയവും ഒരേതലത്തിലാണ് വിവരിക്കപ്പെടുന്നത്. അഭിനവഗുപ്തനിലെത്തുമ്പോൾ രസസംഖ്യ ഏകമായി ചുരുങ്ങുന്നു. എല്ലാരസങ്ങളും ശാന്തരസത്തിൽ ലയിക്കുന്നു എന്നു പറയുമ്പോൾ കൊല്ലടന്റെ അസംഖ്യം വികാരങ്ങളെ അഭിനവഗുപ്തൻ അംഗീകരിക്കുന്നു എന്നു പറയേണ്ടിവരും. ഏകവും അനേകവും എന്നത് രസത്തിന്റെ അ രാഷ്ട്രീയ നിലപാടുകളുടെ പ്രഖ്യാപനമാണ്. ഏകം പൂർവനിർമ്മിതമായിരിക്കുന്നു എങ്കിൽ അനേകവും പരിണാമ വിമുഖമായിരിക്കുന്നു. ശങ്കുകനിലാണ് രസാസ്വാദനത്തിൽ സ്ഥലകാല ബന്ധത്തിന്റെ പ്രാധാന്യം പരിഗണനയിൽ വരുന്നത്. ചിത്രത്തിലെ കുതിര യഥാർത്ഥമല്ലെന്ന തിരിച്ചറിവോടെയാണ് ആസ്വാദകനിൽ അതു കാവ്യാർത്ഥമാകുന്നത്. ഇവിടെ യുക്തിയാണ് ആസ്വാദനനിർണ്ണായകതത്ത്വം.

ന്യായദർശനത്തെ പിൻപറ്റിയ ശങ്കുകനും അതിന്റെ തുടർച്ചക്കാരനായ മഹിമഭട്ടനും, കാവ്യാർത്ഥത്തിന്റെ ലൗകികസ്വഭാവമെന്തെന്നു വ്യവഛേദിക്കുകയും കാവ്യാർത്ഥം നിർവചനീയമാണെന്നു സ്ഥാപിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെയാണ് ലോകത്തിലില്ലാത്തതു കാവ്യത്തിലില്ല എന്നും രസം ലൗകികമാണെന്നും വാദിച്ച് മഹിമഭട്ടൻ തന്റെ അനുമാനസിദ്ധാന്തത്തിലൂടെ അഭിനവഗുപ്തന്റെ അനിർവചനീയഖ്യാതിയെ നിഷേധിച്ചത്. രസം അഥവാ കാവ്യാർത്ഥം അനുമാനിച്ചെടുക്കുന്നതാണ്. അതിന് സ്ഥലകാല ബന്ധം വേണം.

ഇരുവശവും ജ്വലിക്കുന്ന ദണ്ഡ് വളരെ വേഗം കറക്കുമ്പോൾ ഒരു പ്രകാശ വലയം സൃഷ്ടമാകുന്നുവെന്നും ഈ പ്രകാശവലയമാണ് വ്യംഗ്യാംർത്ഥമെന്നും അഭിനവഗുപ്തൻ പറയുന്നുണ്ട്. ദണ്ഡ് വാച്യാർത്ഥമാണ്. അത് സ്ഥലകാലബന്ധിതമായ വസ്തുവാണ്. അഭിനവഗുപ്തപക്ഷത്തിൽ സ്ഥലകാലബന്ധിതമായ അർത്ഥം കാവ്യാർ ത്ഥമല്ല. അതുകൊണ്ട് തീച്ചുളകൾ ചുറ്റിയ ദണ്ഡ് അദ്വൈതവേദാന്തത്തിൽ മായയാണ്. പ്രകാശവലയാണ് ബ്രഹ്മം; അതാണ് സത്യം. ഇവിടെ പ്രകാശ വലയം കാവ്യാർത്ഥമാകുമ്പോൾത്തന്നെ അതിനെ നിർമ്മിക്കാൻ യത്നിച്ച വസ്തുതകളെ അഭിനവഗുപ് തൻ നിഷേധിക്കുന്നു. ഇത് തീർത്തും ആത്മീയവാദമാണ്. കാവ്യാർത്ഥത്തിലേക്കു നയിക്കുന്ന "അഭിധ'യെ നിഷേധിക്കുമ്പോൾ കവിതയുടെ സ്ഥലകാല ബന്ധങ്ങളെത്തന്നെയാണ് അഭിനവഗുപ്തൻ നിഷേധിക്കുന്നത്.

കാവ്യാർത്ഥത്തിന്റെ സ്ഥലകാലബന്ധങ്ങളെ, തിരിച്ചുപിടിക്കാനാണ്, കാവ്യാർത്ഥം വാസ്തവമെന്നു സ്ഥാപിക്കാനാണ്, വക്രോക്തികാരനും മഹിമഭട്ടനും ശബ്ദവ്യാപാരത്തിൽ വ്യഞ്ജന ഇല്ല. അഭിധമാത്രമേ ഉള്ളൂ എന്നു പറഞ്ഞത്.

പക്ഷേ അത് വിചിത്രമായ അഭിധയാണ് എന്നുമാത്രം ഭാഷ എന്ന ലൗകികവ്യവഹാരത്തെ സവിശേഷമായി വിനിയോഗിക്കുമ്പോഴാണ് കാവ്യമുണ്ടാക്കുന്നതും അർത്ഥമുണ്ടാകുന്നതും. ഭാഷയുടെ അടരുകളിലാണ് അർത്ഥം അമർന്നിരിക്കുന്നത് എന്നു വരുമ്പോൾ കാവ്യാർത്ഥം യുക്തിബദ്ധമായി നിർമ്മിതമാകുന്ന ഒന്നാണെന്നും അത് ഭാഷാതിരിക്തമായ ഒന്നല്ലെന്നും സ്ഥാപിക്കുകയാണ് വക്രോക്തിസിദ്ധാന്തത്തിലൂടെ കുന്തകൻ ചെയ്യുന്നത്.

സന്ദർഭത്തോടു ബന്ധപ്പെടുത്തി ഊഹിച്ചെടുക്കുന്ന അർത്ഥമാണ്. "ഗൗണം യത്തോപപാദിതം' എന്നതുകൊണ്ട് മഹിമഭട്ടൻ വിവക്ഷിക്കുന്നത്. അതാണ് കാവ്യാർത്ഥം.അർത്ഥാദ്പാദനത്തിന്റെ ലൗകികസാഹചര്യങ്ങളെ വിശകലനം ചെയ്തുകൊണ്ട് ആസ്വാദനത്തിൽ പുതിയൊരു മാനം സ്ഥാപിച്ചെടുക്കാൻ ശ്രമിച്ച മഹിമഭട്ടൻ ഇന്ത്യൻ കാവ്യ നിരൂപണത്തിൽ വ്യത്യസ്തമായ ഒരു ചിന്താസരണിയാണു തുറന്നത്. സാഹിത്യലോകത്ത് എഴുത്തുകാരന്റെ പ്രജാപതിസ്ഥാനത്തെ നിഷേധിച്ചുകൊണ്ട് വായനക്കാരന്റെ സ്ഥാനത്തെ അടയാളപ്പെടുത്താനുള്ള ആദ്യശ്രമമെന്നനിലയിൽ അനുമാനസിദ്ധാന്തം വിപ്ലവകരമായ നിലപാടു കൈക്കൊള്ളുന്നു. ആര്യവത്കൃത ബ്രാഹ്മണ്യഅദ്വൈതവേദാന്തത്തിൽ അധിഷ്ഠിതമായ കാവ്യരസ വ്യാഖ്യാനങ്ങളോടൊപ്പമാണ് രസം അലൗകികമാണെന്ന നിലപാട് ഭാരതീയ കാവ്യമീമാംസയിൽ ഉറച്ചത്. എങ്ങനെയാണോ ശങ്കരന്റെ അദ്വൈതസിദ്ധാന്തം ഇന്ത്യൻ തത്ത്വചിന്തയെ അതിഭൗതിക സ്വഭാവമുള്ളതാക്കി മാറ്റിയത്. അതുപോലെയാണ് അഭിനവഗുപ്തന്റെ രസ-ധ്വനി വ്യാഖ്യാനങ്ങൾ ഇന്ത്യൻ കാവ്യചിന്ത അതിഭൗതിക സ്വഭാവമുള്ളതാണ് എന്ന നിലപാടിലേക്കെത്തിച്ചത്.

ജീവിതത്തിലെ രസം തന്നെയാണ് കവിതയുടെ രസം എന്ന ബോധം യഥാർത്ഥത്തിൽ ഇന്ത്യൻ കാവ്യചിന്തയിൽത്തന്നെയുണ്ട്. പക്ഷേ, അതിഭൗതിക സ്വഭാവമുള്ള അദ്വൈത വേദാന്തത്തിന്റെ തുടർച്ചയെന്ന നിലയിലാണ് രസത്തിന് അലൗകികമാനം കൈവന്നത്. മാത്രമല്ല, അഭിനവഗുപ്തന്റെ രസ-ധ്വനിസിദ്ധാന്തങ്ങൾക്ക് ഇന്ത്യൻ കാവ്യചിന്തയിലുണ്ടായിരുന്ന മേൽക്കൈ അതിനുകാരണമായി.

കാവ്യരസം ലൗകികമാണെന്ന നിലപാടിന്റെ വ്യാഖ്യാന സാധ്യതകൾ കാവ്യനിരൂപണത്തിൽ അന്വേഷിക്കുന്നത് നന്നായിരിക്കും. മലയാളത്തിൽ കുട്ടികൃഷ്ണമാരാർ ആണ് കാവ്യാർത്ഥത്തെ സംബന്ധിച്ച യാഥാസ്ഥിതികധാരണകളിൽ നിന്നു വ്യതിചലിച്ച് കൂടുതൽ സൂക്ഷ്മതലങ്ങളിലേക്കുപോയത്.ഇന്ത്യൻകാവ്യചിന്തയുടെ അനന്തസാധ്യതകളെ സാഹിത്യത്തിലെയും വായനയിലെയും പുതിയ മാറ്റങ്ങളെ വ്യാഖ്യാനിക്കാൻ പാകത്തിന് നവീകരിച്ചുപയോഗിച്ചാൽ പാശ്ചാത്യദർശനങ്ങളുടെ പിന്നാലെയുള്ള പരക്കം പാച്ചിൽ അവസാനിപ്പിക്കാൻ കഴിയും.

---

*അസോ.പ്രൊഫസർ, മലയാളവിഭാഗം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം*